പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2753 18/06/2018-ൽ മറുപടിക്ക്

വിദ്യാഭ്യാസ അവകാശ സംരക്ഷണ നിയമം നടപ്പിലാക്കുന്നതിന് നടപടി

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. രാജു എബ്രഹാം: | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) വിദ്യാഭ്യാസ അവകാശ സംരക്ഷണ നിയമം നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) പുതിയ സ്കൂളുകൾ ആരംഭിക്കുന്നതും നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ അവകാശനിയമത്തിലെ 6, 14 എന്നീ ചട്ടങ്ങൾ പ്രകാരം നിഷ്കർഷിച്ച നടപടികൾ പൂർത്തിയായി വരുകയാണ്. ഇതിന്റെ ആദ്യഘട്ടമായി സർവ്വശിക്ഷാ അഭിയാൻ കേരളാ ഘടകത്തിന്റെ മേൽ നോട്ടത്തിൽ കേരളത്തിലെ മുഴുവൻ സർക്കാർ, എയ്ഡഡ്, റെക്കഗനൈസ്ഡ് അൺഎയ്ഡഡ് സ്കൂളുകളെ ഉൾപ്പെടുത്തി സ്കൂൾ മാപ്പിംഗ് പൂർത്തിയാക്കി. തുടർന്ന് ഓരോ പ്രദേശത്തേയും വിദ്യാഭ്യാസ ആവശ്യകത സ്കൂൾ മാപ്പിംഗിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തി കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം V ചട്ടം 2 പ്രകാരമുള്ള വിജ്ഞാപനം, 25-05-2016 ലെ അസാധാരണ ഗസറ്റ് നമ്പർ 985 പ്രകാരം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിജ്ഞാപന പ്രകാരം പരസ്യപ്പെടുത്തിയ വിദ്യാഭ്യാസ വിദൂര പ്രദേശങ്ങളുടെ ലിസ്റ്റ് സംബന്ധിച്ച പരാതികൾ സമർപ്പിക്കുന്നതിന് ഒരു മാസ കാലയളവ് വിജ്ഞാപനത്തിൽ അനുവദിച്ചിരുന്നു. ആയത് പ്രകാരം ലഭ്യമായ പരാതികൾ പരിശോധിച്ച ശേഷം തയ്യാറാക്കിയ പട്ടികയിലെ ഓരോ സ്ഥലത്തേയും കുട്ടികളുടെ ലഭ്യത ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾ കൂടി പരിശോധിച്ച് 4 പ്രദേശങ്ങളെ 20-05-2017-ലെ അസാധാരണ ഗസറ്റ് നം. 1057, 10-10-2017-ലെ അസാധാരണ ഗസറ്റ് നം. 2192 എന്നിവ പ്രകാരം വിജ്ഞാപനം ചെയ്യുകയും വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തിയ മറ്റ് 82 സ്ഥലങ്ങളിലെ വിദ്യാർത്ഥികൾക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായ സഹകരണത്തോടെ തൊട്ടടുത്ത |

| | | |
|---|---|---|
| | | സ്കൂളുകളിലേക്ക് വാഹന സൗകര്യം ഏർപ്പെടുത്തുന്നതിനും 9-6-2017-ലെ സ.ഉ (സാധാ) നം.1813/17/പൊവിവ പ്രകാരം ഉത്തരവായിട്ടുണ്ട്.<br>കൂടാതെ വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തിയ 2 ട്രൈബൽ പ്രദേശങ്ങൾ 22-8-17-ലെ അസാധാരണ ഗസറ്റ് നമ്പർ 1845 പ്രകാരം (ഇടുക്കി ജില്ലയിലെ ഇടമലക്കുടി പഞ്ചായത്തിലെ സൊസൈറ്റിപ്പടി, പത്തനംതിട്ട ജില്ലയിലെ സീതത്തോട് പഞ്ചായത്തിലെ ഗവി) വിജ്ഞാപനം ചെയ്തിട്ടുണ്ട്. 30-5-2018-ലെ സ.ഉ (സാധാ) 2006/2018/പൊവിവ പ്രകാരം വാഹനസൗകര്യം നൽകുന്നത് വ്യക്തമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | വിദ്യാഭ്യാസ ആവശ്യകതയുള്ള പ്രദേശങ്ങൾ ഏതൊക്കെയെന്ന് നിശ്ചയിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് ഇറക്കിയിട്ടുള്ള സർക്കാർ വിജ്ഞാപനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) കേരളത്തിലെ മലപ്പുറം ജില്ലയിലെ കുന്നമംഗലം പഞ്ചായത്തിലെ ചേരക്കാട്,മഞ്ചേരി മുൻസിപ്പാലിറ്റിയിലെ പുല്ലൂർ, പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാംപാറ പഞ്ചായത്തിലെ കുന്നങ്കാട്ടുപതി, പത്തനംതിട്ട ജില്ലയിലെ പെരുനാട് പഞ്ചായത്തിലെ പെരുനാട് എന്നീ പ്രദേശങ്ങളെ വിദ്യാഭ്യാസ ആവശ്യകതയുള്ള പ്രദേശങ്ങളായി കണ്ടെത്തിയിട്ടുണ്ട്. വിജ്ഞാപനത്തിന്റെ പകർപ്പുകൾ അനുബന്ധം I ആയി ലഭ്യമാക്കുന്നു. |
| (സി) | ഇത്തരം പ്രദേശങ്ങളിൽ നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനോ പുതുതായി സ്കൂളുകൾ ആരംഭിക്കുന്നതിനോ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (സി) 2 സ്ഥലങ്ങളിൽ നിലവിലുള്ള സർക്കാർ വിദ്യാലയങ്ങൾ അപ്ഗ്രേഡ് ചെയ്യുന്നതിനും ഒരു പ്രദേശത്ത് നിലവിലുള്ള എം.ജി.എൽ.സി, സ്കൂളായി അപ്ഗ്രേഡ് ചെയ്യുന്നതിനുമുള്ള നടപടികൾ തുടർന്നു വരികയാണ്. |
| (ഡി) | ഇത് സംബന്ധിച്ച് തീരുമാനം വൈകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; എന്നത്തേക്ക് ഇവ യാഥാർത്ഥ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. വ്യക്തമാക്കാമോ? | (ഡി) ബഹു. കേരളാ ഹൈക്കോടതിയിൽ ഈ വിഷയത്തിൽ നിരവധി റിട്ട് ഹർജികൾ ഫയൽ ചെയ്ത സാഹചര്യത്തിൽ നേരിട്ട നിയമ തടസ്സം കാരണമാണ് ഇത് സംബന്ധിച്ച നടപടികൾക്ക് കാലതാമസം നേരിട്ടത്. |

സെക്ഷൻ ഓഫീസർ

ഭാഗം-1

©
കേരള സർക്കാർ
Government of Kerala
2016

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 5<br>Vol. V | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2016 മേയ് 25<br>25th May 2016<br>1191 ഇടവം 11<br>11th Idavam 1191<br>1938 ജ്യേഷ്ഠം 4<br>4th Jyaishta 1938 | നമ്പർ<br>No. 985 |

## DIRECTOR OF PUBLIC INSTRUCTION

### NOTIFICATION

No. NS(3)/21147/2016/DPI.

*Dated, Thiruvananthapuram, 11th May, 2016 / 28th Medam, 1191.*

In exercise of the powers conferred by sub-rules (1) and (2) of rule 2 of Chapter V of the Kerala Education Rules, 1959 read with sub-rule (14) of rule 14 of the Kerala Right of Children to Free and Compulsory Education Rules, 2011, the Director of Public Instruction hereby publish the list of localities having a proven educational need as revealed in the school mapping as given in Schedules I to IV hereunder, namely:—

Schedule—I indicate the localities where educational need is proven only for Classes I to IV, Schedule—II indicate the localities where educational need is proven only for Classes I to V, Schedule—III indicate the localities where educational need is proven for Class V only and Schedule—IV indicate the localities where educational need is proven only for Classes VI to VIII.

33/1654/2016/S-22.

| Sl. No. | Educational need Identified Standards | Place | Ward | Panchayath | Revenue District |
|---|---|---|---|---|---|
| 1 | I to V | Cherekkad | 2 | Kannamangalam | Malappuram |
| 2 | V only | Kunnankattupathy | 12 | Kozhinjampara | Palakkad |
| 3 | V only | Perunadu | 2 | Perunadu | Pathanamthitta |

No appeal or revision shall be filed against this Notification as per sub-rule (5) of Rule 2 of Chapter V of Kerala Education Rules, 1959.

JESSY JOSEPH,
For *Director of Public Instruction.*

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2017.

സെക്ഷൻ ഓഫീസർ

കേരള സർക്കാർ
Government of Kerala
2017

[illegible]
Reg. No. [illegible]

# കേരള ഗസറ്റ്
# KERALA GAZETTE

അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 6<br>Vol. VI | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2017 ഒക്ടോബർ 10<br>10th October 2017<br>1193 കന്നി 24<br>24th Kanni 1193<br>1939 ആശ്വിനം 18<br>18th Aswina 1939 | നമ്പർ<br>No. | 2192 |


## DIRECTOR OF PUBLIC INSTRUCTION

### NOTIFICATION

No. NS(3)/64658/2017/DPI.

*Dated, Thiruvananthapuram, 20th September, 2017.*

In exercise of the powers conferred by sub-rules (1) and (2) of rule 2 of chapter V of the Kerala Education Rules, 1959 read with sub-rule (14) of rule 14 of the Kerala Right of Children to Free and Compulsory Education Rules, 2011, the Director of Public Instruction hereby publish the list of localities having a proven educational need for VIII Standard.

Notice is hereby given that objections or representations, if any, against the list published herewith can be filed within one month from the date of publication of this notification. Such objection shall be filed before

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2017.

33/3565/2017/S-15.

the Assistant Educational Officer, as the case may be. Every objection filed shall be accompanied by a chalan for ₹ 10 remitted into the Treasury in the Head of Account "0202-01-101-99-Other Receipts". Objection filed without necessary chalan receipt shall summarily be rejected.

| *Sl. No.* | *Place* | *Ward* | *Municipality* | *Revenue District* |
|---|---|---|---|---|
| 1 | Pullur | 2 | Manjeri | Malappuram |

JESSY JOSEPH,
*Additional Director of Public Instruction (General).*

സെക്ഷൻ ഓഫീസർ